11. ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുവാനും ഏകോപനത്തിനുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഓർഗാനിക് ഫാമിംഗ് സെല്ലുകളുടെ രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ

128 (3331) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, സംഘടനകളും വ്യക്തികളും ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കൂട്ടായ്മകൾ പ്രശംസനീയമാംവിധം പ്രവർത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരം കൂട്ടായ്മകൾക്ക് ഇതിനകം എന്തെല്ലാം സഹായങ്ങൾ നൽകി എന്നും എന്തെല്ലാം സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, സമുദായ സംഘടനകളുടെയും കൂട്ടായ്മകളും റസിഡൻസ് അസോസിയേഷനുകൾ, എൻ.ജി.ഒ.-കൾ, സ്വയം സഹായ സംഘങ്ങൾ കൂടാതെ സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിച്ച പച്ചക്കറി കർഷക ഗ്രൂപ്പുകളുടെ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഡിസ്ട്രിക്ട് ക്ലസ്റ്ററുകൾ തുടങ്ങിയവ പ്രശംസനീയമാം വിധം പ്രവർത്തിച്ചു വരുന്നു.

(സി) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനായി വിത്തുകളും തൈകളും സൗജന്യമായി നൽകുകയും ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. കൂടാതെ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 15,000 രൂപ എന്ന നിരക്കിൽ സഹായധനം കൃഷി ഭവനുകൾ മുഖേന നല്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇതേ നിരക്കിൽ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിവിധ സ്വയം സഹായ സംഘങ്ങൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും വ്യക്തികൾക്കും ജൈവ പച്ചക്കറി ഉൽപ്പാദനം പ്രോൽസാഹിപ്പിക്കാൻ പച്ചക്കറി വിത്തുകളും 'ജൈവപച്ചക്കറി കൃഷി സഹായി' എന്ന കൈ പുസ്തകവും ആവശ്യാനുസരണം സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പച്ചക്കറി പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ഉൽപ്പാദനോപാധികളുടെ ലഭ്യതയനുസരിച്ച് വിതരണം നടത്തിയിട്ടുണ്ട്.

കൃഷി വകുപ്പ് മുഖേന നടത്തിയ വികസന പ്രവർത്തനങ്ങൾ

129 (3332) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൃഷി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടത്തിയ ഓരോ വികസന പദ്ധതിക്കും ചെലവഴിച്ച തുക എത്ര;

(ബി) ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടത്തിയ ഓരോ വികസന പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ സുസ്ഥിര നെൽകൃഷി വികസനം, മണ്ണ് സംരക്ഷണം, സൗജന്യ വൈദ്യുതി, ജൈവകൃഷി വികസനം, തെങ്ങുകൃഷി വികസനം, ഉല്പാദന ബോണസ്, പച്ചക്കറി വികസന പദ്ധതി, കാർഷിക ശാക്തീകരണ പദ്ധതി, ആഗ്രോ സർവ്വീസ് സെന്റർ, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, കേര സമൃദ്ധി, നാഷണൽ ബയോഗ്യാസ് വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികസന യോജന, സുഗന്ധവിള വികസന പദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി, കർഷക പെൻഷൻ പദ്ധതി മുതലായവ നടപ്പിലാക്കി വരുന്നു.

കൃഷി ഓഫീസർ തസ്തികയുടെ പുനർനാമകരണം

130 (3334) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly